Draft #12 of File 26714/AD A1/2/2019/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 30-Jun-2026 01:02 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സർവകലാശാലയിലെ സെക്ഷൻ ഓഫീസർ /തത്തുല്യ തസ്തിക വരെയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം ,നിയമന അധികാരം - വൈസ് ചാൻസലർക്ക് പുന:സ്ഥാപിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6530/AD A1/2026/എം.ജി.യു                                        പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2026

---

*പരാമർശം:*-1. സർവകലാശാലാ ഉത്തരവ് നമ്പർ: 3455/AD A1/2019/എം.ജി.യു., തീയതി: 23.07.2019.
2. സർവകലാശാലാ ഉത്തരവ് നമ്പർ: 6680/AD A1/2023/എം.ജി.യു., തീയതി: 14.06.2023.
3. വൈസ് ചാൻസലറുടെ 29.06.2026 തീയതിയിലെ No.702/2/026/2026 കുറിപ്പ്.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997, ചാപ്റ്റർ 2, സ്റ്റാറ്റ്യൂട്ട് 13 പ്രകാരം ജീവനക്കാരുടെ സ്ഥലംമാറ്റം വൈസ് ചാൻസലറുടെ അധികാര പരിധിയിൽപ്പെടുന്നതാണ്. എന്നാൽ, നോൺ ഗസറ്റഡ് വിഭാഗത്തിലുള്ള മുഴുവൻ ജീവനക്കാരുടെയും, അസിസ്റ്റന്റ് മുതൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ വരെയുള്ളവരുടെയും തത്തുല്യ വിഭാഗത്തിലുള്ള മറ്റ് അനദ്ധ്യാപക തസ്തികയിലുള്ളവരുടെയും സ്ഥലംമാറ്റ അധികാരം പരാമർശം (1),(2) പ്രകാരം രജിസ്ട്രാർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നു.

ഡെലിഗേറ്റ് ചെയ്യപ്പെട്ട പ്രസ്തുത അധികാരങ്ങൾ പിൻവലിച്ച്, നോൺ ഗസറ്റഡ് വിഭാഗത്തിലുള്ള (സെക്ഷൻ ഓഫീസർ/തത്തുല്യ തസ്തിക വരെ) മുഴുവൻ ജീവനക്കാരുടെയും സ്ഥലംമാറ്റ അധികാരം സർവകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997, ചാപ്റ്റർ 2, സ്റ്റാറ്റ്യൂട്ട് 13 പ്രകാരം വൈസ് ചാൻസലർക്ക് പുന:സ്ഥാപിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഉഷ വി ഡി

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ/പഠനവകുപ്പുകൾ/സെന്ററുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ ഐ.റ്റി.സെൽ 1/2/3
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

The document is digitally approved. Hence signature is not needed.